# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 304** — **12-12-2018-ൽ മറുപടിക്ക്**

## കേരളത്തെ ഡിജിറ്റൽ ഹബ്ബാക്കുകയെന്ന ലക്ഷ്യം

**ചോദ്യം**

ശ്രീ.യു. ആർ. പ്രദീപ്
,, എ. പ്രദീപ്കുമാർ
,, വി. ജോയി
,, കെ. ബാബു

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളത്തെ ഡിജിറ്റൽ ഹബ്ബാക്കുക-യെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ ഉന്നതാധികാര ഐ.ടി. സമിതി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) | കേരളത്തെ ഡിജിറ്റൽ ഹബ്ബാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ഐ.ടി നയപ്രകാരം സർക്കാരിന്റെ ഉന്നതാധികാര ഐ.ടി സമിതി രൂപീകരിച്ചത്. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി വികസനം ഉറപ്പാക്കാനും ഡിജിറ്റൽ/ഐ.ടി പ്രവർത്തനങ്ങൾ കേന്ദ്രീകൃത സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരാനും അവ ഏകോപിപ്പിക്കുവാനും ഈ സമിതി ജനപ്രതിനിധികളുമായി യോജിച്ച് പ്രവർത്തിച്ചു വരുന്നു. ഡിജിറ്റൽ ഐ.ടി പ്രവർത്തനങ്ങളുടെ വിശദമായ പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗരേഖാ രൂപീകരണം, പ്രവർത്തന ചട്ടക്കൂട്, ഭരണ നിർവ്വഹണ മാതൃകകൾ എന്നിവ രൂപപ്പെടുത്തുന്നതിൽ സമിതി നിർണ്ണായക പങ്ക് വഹിക്കുന്നു. നിർണ്ണായക പദ്ധതികളുടേയും സംവിധാനങ്ങളുടേയും കാലോചിതമായ പരിഷ്കരണം, കാര്യക്ഷമത ഉറപ്പിക്കൽ, |

| | | | |
|---|---|---|---|
| | | | സമയബന്ധിതവും സുതാര്യവുമായ പരിവർത്തനങ്ങൾ എന്നിവ സമിതി നിരീക്ഷിക്കുന്നു.<br>ലോകോത്തര ഐ.ടി സംരംഭങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുകയെന്നതും അതുമായി ബന്ധപ്പെട്ട ഗ്ലോബൽ കണക്ട് മീറ്റിംഗുകൾ സംഘടിപ്പിക്കുക എന്നതും ഉന്നതാധികാര സമിതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ആദ്യപടിയെന്ന നിലയിൽ ആഗോള സമ്മേളനമായ 'ഹാഷ് ഫ്യൂച്ചറും' അതുമായി ബന്ധപ്പെട്ടുള്ള ഗ്ലോബൽ കണക്ട് മീറ്റിംഗുകളും വഴി പുതിയതായി വ്യവസായം ആരംഭിക്കുവാനായി ദേശീയവും അന്തർദേശീയവുമായ നിരവധി കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തെ ഐ.ടി പ്രതിഭകളെ സംസ്ഥാനത്ത് തന്നെ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ ഐ.ടി പാർക്കുകൾ വിപുലീകരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ഉണ്ട്. ഫ്യൂച്ചർ ടെക്നോളജീസ് അടിസ്ഥാനമാക്കി ആഗോളതലത്തിൽ ഐ ടി /ഐ ടി ഇ എസ് മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുത്തൻ സാങ്കേതിക വിദ്യകളായ ബ്ലോക്ക് ചെയിൻ ടെക്നോളജി, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇന്റർനെറ്റ് ഓഫ് തിങ്ക്സ് (IoT),ബിഗ് ഡാറ്റ അനലിറ്റിക്സ്, തുടങ്ങിയ വ്യവസായ സംരംഭങ്ങൾക്കും ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്ന ഐ.ടി പ്രതിഭകൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് സെന്റർ ഓഫ് എക്സലൻസ് സംവിധാനം, ഐ.ടി നയം അനുസരിച്ച് ഐ.ടി |

| | | | |
|---|---|---|---|
| | | | പാർക്കുകളിൽ ആവിഷ്കരിച്ചുവരുന്നത്. കൂടാതെ ഐ.ടി മാനവ വികസനം, നൈപുണ്യ വികസനം, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ, സ്വതന്ത്ര ഓപ്പൺ സോഫ്റ്റ് മേഖലയിൽ പുതു സംരംഭകത്വ വികസനം തുടങ്ങിയ മേഖലകളിലേക്ക് ആവശ്യമായ മാനവശേഷി വികസിപ്പിക്കുന്നതിനായി, സംസ്ഥാന സംരംഭങ്ങളായ ഗവൺമെന്റ് ഐ.ടി പാർക്കുകളും ICT അക്കാഡമി, IIITMK, ICFOSS, Kerala Start-up Mission തുടങ്ങിയ സ്ഥാപനങ്ങളും ഒത്തു ചേർന്നുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്.<br>ഐ.ടി മേഖലകളിലും അനുബന്ധ മേഖലകളിലും ഉൽപ്പന്നങ്ങളും സേവനങ്ങളും പരമാവധി പ്രാവർത്തികമാക്കാനും അതുവഴി പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനും ഐ.ടി പ്രതിഭകളെ ഇവിടെതന്നെ നിലനിർത്തുക എന്ന വിപുലമായ ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് ഐ.ടി നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| സി) | ഐ.ടി. സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; | സി) | ഉണ്ട്. സാങ്കേതിക സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നോവേഷൻ സോൺ എന്നീ രണ്ടു പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ഡി) | ഹാർഡ് വെയർ രംഗത്ത് സംസ്ഥാനത്തിന്റെ സാന്നിദ്ധ്യ-മറിയിക്കാൻ നടത്തിവരുന്ന പ്രവർത്തനം വ്യക്തമാക്കാമോ? | ഡി) | ഹാർഡ്‌വെയർ രംഗത്ത് സംസ്ഥാനത്തിന്റെ സാന്നിദ്ധ്യമറിയിക്കുന്നതിനായി പബ്ലിക്ക് - പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (PPP) മാതൃകയിൽ - കെൽട്രോൺ, കെ.എസ്.ഐ.ഡി.സി., യു.എസ്.റ്റി.ഗ്ലോബൽ, ആക്സിലറോൺ എന്നീ കമ്പനികൾ സഹകരിച്ച് ലാപ്ടോപ്പുകളും സെർവ്വറുകളും നിർമ്മിക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ്ശമായുള്ള ചെറുകിട ഹാർഡ്‌വെയർ നിർമ്മാണ കമ്പനികളെക്കൂടി ഉൾപ്പെടുത്തി ആവശ്യമായ നിർമ്മാണ ഘടകങ്ങൾ സംസ്ഥാനത്തിനുള്ളിൽ തന്നെ നിർമ്മിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**